# യോഹ. 16: 5-15

## പ്രമേയം

പീഡാനുഭവ വിവരണം തുടങ്ങുന്നതിനുമുമ്പാണ് യോഹന്നാന്റെ സുവിശേ ഷത്തിൽ അന്ത്യഅത്താഴവിരുന്നും അതിനുശേഷമുള്ള ദീർഘമയ പ്രഭാഷ ണവും (13:17:26). അന്ത്യപ്രഭാഷണത്തെ മൂന്നു പ്രഭാഷണങ്ങളുടെ സമാഹര മായി കാണാം. (1) 13:31-14:31;(2) 15:1-16:4; (3) 16: 5-16-33). ഇവയിൽ മൂന്നാമത്തെ പ്രഭാഷണമാണ് ഇന്നത്തെ സുവിശേഷ ഭാഗം (16: 5-15). ഈ പ്രഭാഷണ ത്തിൽ യേശു സ്വന്തം വേർപാടിനെക്കുറിച്ചും, പരിശുദ്ധാത്മാവിന്റെ വരവിനെ ക്കുറിച്ചും പറയുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

## പ്രമേയം

യേശു വാഗ്ദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് അവിടുത്തെ പ്രവർത്തനങ്ങൾ തുടരുന്നു. പാപവും നീതിയും ന്യായവിധിയുമാണ് പരിശുദ്ധാത്മാവ് ബോധ്യ പ്പെടുത്തുന്ന വിഷയങ്ങൾ.

## സന്ദേശം

1. യേശു പോകുന്നതുകൊണ്ടാണ് സത്യാത്മാവ് വരുന്നത് (16:7). യേശു പറയുന്നത് അവൻ പോകുന്നില്ലെങ്കിൽ സത്യാത്മാവ് വരുകയില്ലെന്നാണ് (16:7). അതായത് യേശുവിന്റെ വേർപാടിൽ ഒരു നന്മ ഒളിഞ്ഞിരിക്കുന്നുവെന്നർത്ഥം. എങ്കിൽ എല്ലാ വേർപാടിന്റെ കാര്യത്തിലും ഇത് സത്യമാകുന്നു. എല്ലാ വേർപാ ടിലും നന്മയും രക്ഷയും ഒളിഞ്ഞിരിപ്പുണ്ട് - ചെറുവിത്തിൽ പടുമരം പോലെ. നിന്റെ വേർപാടുകളെയും അതുളവാക്കുന്ന നൊമ്പരങ്ങളെയും നീ നിഷേധിക്ക രുത്. മറിച്ച് അതിന്റെ പിറകിൽ മറഞ്ഞിരിക്കുന്ന ദൈവികനന്മയും ദൈവിക പദ്ധതിയും കാണാൻ ശ്രമിക്കുക.

2. പറയാനുള്ള ഏറെ കാര്യങ്ങൾ ഉൾക്കൊള്ളാൻ ശിഷ്യർക്ക് ഇപ്പോൾ കഴിയില്ലെന്നാണ് യേശു പറയുന്നത് (16:12). സത്യാത്മാവു വരുമ്പോഴേ അതിന് അവർക്ക് സാധിക്കൂ. പലതും മുഴുവനായി മനസ്സിലാക്കാൻ നിനക്കിപ്പോൾ കഴിയില്ലെന്നതാണ് സത്യം. നിന്റെ ജീവിതത്തിലും നിന്റെ സഹജരരുടെ ജീവി തത്തിലും സംഭവിക്കുന്ന പലതും നിനക്ക് മനസ്സിലായെന്നുവരില്ല. മനസ്സിലാ കാത്തവയെ പഴിക്കുകയും തള്ളിക്കളയുകയുമല്ല വേണ്ടത്. മറിച്ച് ദൈവാ ത്മാവ് തരുന്ന വെളിച്ചത്തിനായി കാത്തിരിക്കുകയാണ് വേണ്ടത്.

3. എന്നെ അയച്ചവന്റെ അടുക്കലേക്ക് പോകുകയാണെന്നാണ് യേശു ശിഷ്യ രോടു പറയുത് (16:5). ഇത് വലിയൊരു ആത്മബോധമാണ് - ഈ ഭൂമിയിൽ നിന്നു തിരിച്ചുപോകാനുള്ളൊരു പഥികനാണെന്ന തിരിച്ചറിവ്. ഈ തിരിച്ചറി വിലേക്ക് വളരുന്നിടത്താണ് നീ യഥാർത്ഥ ക്രിസ്തുശിഷ്യനായിത്തീരുന്നത്. ഈ ഭൂമിയിൽ നീയൊരു യാത്രക്കാരനാണെന്നും, ഇവിടെ നിനക്ക് സ്ഥിരവാസ മാക്കാനാവില്ലെന്നും, എല്ലാ സമ്പത്തും ഉപേക്ഷിച്ച് തിരിച്ചുപോകേണ്ടവനാണെ ന്നും നീ തിരിച്ചറിയുക. ആ തിരിച്ചറിവ് തുടർച്ചയായി മനസ്സിൽ നിലനിർ ത്തുക. അപ്പോൾ നിന്റെ ജീവിതം ദൈവികമായി മാറും.

**ഡോ. ജെ. നാലുപറയിൽ**

# പ്രസംഗം

# ആത്മാഭിഷേകം

പ്രിയമുള്ള സഹോദരീ സഹോദരരേ, തിരക്കുകളില്ലാത്ത തിരുനാളാണ് പെന്തക്കൊസ്താ തിരുനാൾ. ഇന്ന് പള്ളിമുറ്റത്ത് വാദ്യമേളങ്ങളില്ല, ദീപാലങ്കാരങ്ങളില്ല, പട്ടുകുടയും കളിപ്പാട്ടങ്ങളുമില്ല, എങ്കിലും ഇത് സഭയുടെ പ്രധാന തിരുന്നാളാണ്. കാരണം, ഇന്നാണ് സഭയുടെ ജന്മദിനം. സാധാരണക്കാരിൽ സാധാരണക്കാരായ ശിഷ്യരെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ശക്തരാക്കി, ജറൂസലെം ദേവാലയത്തിൽ വിളവെടുപ്പു തിരുനാളിനായി തടിച്ചു കൂടിയ യഹൂദജനത്തിനു മുമ്പാകെ, ത്രിത്വൈകദൈവം തന്റെ സഭയുടെ ഉദ്ഘാടനകർമ്മം ലോകത്തിൽ നിർവ്വഹിച്ച ദിവസമാണിന്ന്.

ശ്ലീഹന്മാർക്കിന്ന് പുതുജന്മത്തിന്റെ പുത്തനുണർവ്വാണ്. ഇന്നലെ വരെ അവർ എന്തായിരുന്നുവോ അത് ഇന്നൊരോർമ്മ മാത്രമായിരിക്കുന്നു. ദൈവഭയമൊഴികെ മറ്റൊരു ഭയവും ആത്മാവിനെ സ്വീകരിച്ച അവരെ വേട്ടയാടുന്നില്ല. മൂന്നു തവണ ഒരു പരിചാരികയ്ക്കു മുമ്പിൽ തന്റെ ഗുരുവിനെ തള്ളി പറഞ്ഞ പത്രോസ് തന്നെയാണ് മൂവായിരത്തിലധികം വരുന്ന യഹൂദഗണത്തിനു മുമ്പിൽ “നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ക്രിസ്തുവിനെയാണ് ഞാൻ പ്രഘോഷിക്കുന്നത്” എന്ന് ഏറ്റുപറഞ്ഞത്. എല്ലാം ഉപേക്ഷിച്ച് രക്ഷപെട്ടോടിയ ശിഷ്യർ തന്നെയാണ് ഇന്ന് തങ്ങളുടെ കൊലയാളികൾക്കു മുമ്പിൽ മന്ദഹസിച്ച് മനുഷ്യപുത്രനെ രക്ഷകനായി ഏറ്റു പറയുന്നത്. വി. പൗലോസ് ശ്ലീഹ റോമാക്കാർക്കെഴുതിയ ലേഖനം എട്ടാം അധ്യായത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. “നിങ്ങളെ വീണ്ടും ഭയത്തിലേക്ക് നയിക്കുന്ന അടിമത്വത്തിന്റെ ആത്മാവിനെയല്ല പകരം പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്”. പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ശിഷ്യരുടെ ജീവിതത്തിലെ മുൻഗണനകൾക്ക് (ൃശീൃശശേലെ) മാറ്റങ്ങൾ സംഭവിക്കുകയാണ്.

പ്രിയമുള്ളവരേ ആത്മാവിനാൽ സ്നാനം ചെയ്യപ്പെട്ടവരാണ് നമ്മൾ. സ്നാപകയോഹന്നാനിൽ നിന്നും മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച കർത്താവിന് മരുഭൂമിയിൽ സാത്താന്റെ ശക്തമായ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ സാധിച്ചു. ഗബ്രിയേൽ മാലാഖയുടെ അഭിവാദ്യത്താൽ ആത്മാവിനെ സ്വീകരിച്ച പരിശുദ്ധകന്യകാമാതാവിന് ദൈവമാതാവാകാനുള്ള കൃപ ലഭിച്ചു. അഗ്നിനാവായി ശിഷ്യരുടെ മേൽ ഇറങ്ങിവന്ന ആത്മാവ് അവരെ കത്തിജ്വലിക്കുന്ന കർത്താവിന്റെ അനുയായികളാക്കി മാറ്റി. ഈ ആത്മാവിനെ തന്നെയാണ് നാമും മാമ്മോദിസായിലൂടെ സ്വീകരിച്ചിരിക്കുന്നത്. കഷ്ടപ്പാടുകളുടെയും വേദനകളുടെയും നടുവിൽ തളരാതെ പൊരുതണമെങ്കിൽ മാമ്മോദീസായിലൂടെ നാം സ്വീകരിച്ച ആത്മാവിനെ അനുദിന ജീവിതത്തിൽ കൂടെ കൊണ്ടു നടക്കണം.

ഗുരുവിന്റെ വിടവാങ്ങലിലൂടെ തങ്ങൾക്കു മുമ്പിൽ ഇരുട്ടുമാത്രം എന്നു കരുതിയ ശിഷ്യരോടു ഈശോ പറയുന്നു: “ഞാൻ ഇതെല്ലാം നിങ്ങളോട് പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. എങ്കിലും സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരില്ല. ഞാൻ പോയാൽ സഹായകനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും” (6-8). പരിശുദ്ധാത്മാവ് ഒരു സഹായകനാണ്.”

ദാനിയേലിന്റെ പുസ്തകത്തിൽ മൂന്നു യുവാക്കളെ നബുക്കദ്നേസർ രാജാവ് തീച്ചൂളയിലേയ്ക്ക് വലിച്ചെറിഞ്ഞു. ഒരു ചെറു പൊള്ളൽപോലും ഏൽക്കാത്ത അവരെ കണ്ട് ചോദിക്കുകയാണ്; മൂന്നുപേരെയല്ലേ നാം ബന്ധിച്ചു തീയിലെറിഞ്ഞത്. എന്നാൽ ബന്ധനം കൂടാതെ അഗ്നിക്ക് നടുവിലൂടെ നാലുപേർ നടക്കുന്നത് ഞാൻ കാണുന്നു. മൂന്നുപേരോടുകൂടെ നാലാമനായി ഒരു സഹായകൻ.

പ്രിയമുള്ളവരേ, ഈ നാലാമൻ സഹായകനായ പരിശുദ്ധാത്മാവിന്റെ സാമീപ്യം ഇന്നു നമ്മുടെ ഇടവകയിൽ, നമ്മുടെ കുടുംബങ്ങളിൽ, നമ്മുടെ ജോലിസ്ഥലത്ത്...

ഈ ആത്മാവിന്റെ സാന്നിധ്യം പല രൂപത്തിലും ഭാവത്തി ലും നാം അനുഭവിക്കുന്നുണ്ട്.

കൊടുങ്കാറ്റാരവത്തോടെ പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നതും ശിഷ്യന്മാർ ആത്മാവിനാൽ നവീകരിക്കപ്പെട്ടതും അന്ന് ജറൂസലെമിൽ തടിച്ചുകൂടിയ വിശ്വാസികളായ യഹൂദർക്കു മാത്രമേ തിരിച്ചറിയാൻ കഴിഞ്ഞുള്ളൂ. അവർക്കു മാത്രമേ രക്ഷ സ്വീകരിക്കുവാൻ സാധിച്ചുള്ളൂ; അതുപോലെ ഇപ്പോഴും ആത്മാവിന്റെ അനന്തമായ പരിപാലനയും കരുണയും തിരിച്ചറിയാൻ സാധിക്കണമെങ്കിൽ വിശ്വാസത്തിന്റെ കണ്ണുകൾ തുറന്നേ മതിയാകൂ.

സമ്മാനങ്ങളില്ലാത്ത ജന്മദിനമില്ല. സഭയുടെ ഈ ജന്മദിനത്തിൽ പരിശുദ്ധാത്മാവ് നമുക്കോരോരുത്തർക്കും പ്രത്യേക സമ്മാനങ്ങളാണ് തരുന്നത്. വി. പൗലോസ് ശ്ലീഹ കൊറീന്തോസ്കാർക്ക് എഴുതിയ ഒന്നാം ലേഖനം 12-ാം അധ്യായം 4-11 വാക്കുകളിൽ നമുക്കുള്ള ആത്മാവിന്റെ സമ്മാനങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഈ സമ്മാനങ്ങൾ സ്വീകരിച്ച് സഹായകനായ ആത്മാവിനോടുകൂടെ ഉത്തമക്രൈസ്തവരായി നമുക്കു ജീവിക്കാം.

**ഫാ. മെജോ ജോൺ മരോട്ടിക്കൽ**

www.sundaypulpit.in